# STD - IV

## അദ്ധ്യാപക സഹായി

**പാഠം – എട്ട്　　　ഉത്തമകുടുംബം　　　ഭാഗം – ഒന്ന്**

### ലക്ഷ്യം

മക്കളെ സ്നേഹിക്കുന്ന മാതാപിതാക്കളും മാതാപിതാക്കളെ സ്നേഹിക്കുകയും അനുസരിക്കുകയും സഹായിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന മക്കളും അടങ്ങിയതാണ് മാതൃകാ കുടുംബം. ദൈവം മനോഹരമാക്കിയ പ്രപഞ്ചത്തെ ഞാൻ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യും.

തിരുക്കുടുംബംപോലെ സ്നേഹവും പ്രാർത്ഥനാ ചൈതന്യവും നിറഞ്ഞ കുടുംബമായി എന്റെ കുടുംബത്തെ മാറ്റുവാൻ യേശുവിനെപ്പോലെ ഞാനും എന്റെ മാതാപിതാക്കളെ അനുസരിക്കുകയും സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യും.

### പഠനസഹായികൾ

* വചനം – ഉത്പ. 1:28; ഉത്പ. 2:18; ലൂക്കാ. 2:51
* Video - God's creation of the world (ദൈവം പ്രപഞ്ചം സൃഷ്ടിക്കുന്ന വീഡിയോ കാണിച്ചുകൊണ്ട് അതിലെ മനോഹാരിതയെ വിവരിച്ചു കൊടുക്കുന്നു. ഇണകളായി ജീവിക്കുന്ന മൃഗങ്ങളെയും, പക്ഷികളെയും, മത്സ്യങ്ങളെയും അവസാനമായി ആദത്തെയും ആദത്തിൽനിന്ന് ഹവ്വയെയും സൃഷ്ടിക്കുന്നത് കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അങ്ങനെ മനുഷ്യവർഗ്ഗത്തിന്റെ ഉത്ഭവം അവതരിപ്പിച്ചുകൊണ്ട് വിവാഹം എന്ന കൂദാശയിലേക്ക് കടക്കുന്നു)
* ക്രൈസ്തവ വിവാഹത്തിന്റെ വീഡിയോ

### പാഠത്തിന്റെ ഉള്ളടക്കം

* മനോഹരമായ പ്രപഞ്ചത്തെ സൃഷ്ടിക്കുന്ന ദൈവം
* പ്രപഞ്ചസൃഷ്ടിക്കുശേഷം ദൈവം ആദത്തെ സൃഷ്ടിക്കുന്നു
* അതിനുശേഷം ഉള്ള ഹവ്വായുടെ സൃഷ്ടികർമ്മം
* ആദ്യത്തെ കുടുംബം രൂപപ്പെടുത്തുന്നു.
* വിവാഹത്തിന്റെ സ്ഥാപകനായ ദൈവം ആദത്തേയും ഹവ്വയേയും അനുഗ്രഹിക്കുന്നു
* നസ്രത്തിലെ തിരുക്കുടുംബം – ഈശോയുടെ മാതാപിതാക്കൾ, മാതാപിതാക്കളെ അനുസരിച്ചും, സഹായിച്ചും ഉള്ള ഈശോയുടെ ജീവിതം.
* കാനായിലെ കല്യാണവിരുന്നിൽ വെള്ളം വീഞ്ഞാക്കിക്കൊണ്ട് തന്റെ ആദ്യത്തെ അത്ഭുതം പ്രവർത്തിക്കുകയും വിവാഹത്തിന്റെയം വിവാഹബന്ധത്തിന്റെയും പ്രാധാന്യം മനസ്സിലാക്കി തരികയും ചെയ്യുന്നു.

## പ്രാർത്ഥന

തിരുകുടുംബത്തിൽ വളർന്ന യേശുവേ അങ്ങേ കുടുംബത്തിൽ ഉണ്ടായിരുന്ന സ്നേഹവും പ്രാർത്ഥനാ ചൈതന്യവും എന്റെ കുടുംബത്തിലും ഉണ്ടാകുവാൻ അനുഗ്രഹിക്കണമേ.

## ചോദ്യങ്ങൾ

1. ദൈവം ആദ്യം സൃഷ്ടിച്ചത് എന്തൊക്കെയാണ്? ആദിമാതാപിതാക്കൾ ആരെല്ലാമാണ്?
2. ആദത്തെയും ഹവ്വയെയും ദൈവം അനുഗ്രഹിച്ചത് എങ്ങനെ?
3. യേശു ജനിച്ചത് എവിടെയാണ്? യേശുവിന്റെ മാതാപിതാക്കൾ ആരായിരുന്നു?
4. യേശു കുടുംബജീവിതം പവിത്രീകരിച്ചത് എങ്ങനെ?
5. ഈശോ ആദ്യത്തെ അത്ഭുതം പ്രവർത്തിച്ചത് എവിടെയാണ്? എന്തായിരുന്നു ഈശോ ചെയ്ത അത്ഭുതം?

# STD - IV

## അദ്ധ്യാപക സഹായി

**പാഠം - എട്ട്　　　ഉത്തമകുടുംബം　　　ഭാഗം - രണ്ട്**

## ലക്ഷ്യം

വിവാഹം എന്ന കൂദാശയിലൂടെ ഒന്നാകുന്ന ഭാര്യാഭർത്താക്കന്മാർ ദൈവത്തിനുവേണ്ടി കുഞ്ഞുങ്ങൾക്കു ജന്മം കൊടുക്കുകയും ക്രിസ്തീയ വിശ്വാസത്തിൽ അവരെ വളർത്തുകയും പരസ്പര ഐക്യത്തിൽ ഉത്തമകുടുംബമായി ജീവിക്കുകയും ചെയ്യുന്നു. തിരുകുടുംബത്തിൽ മാതാപിതാക്കളെ അനുസരിച്ചും സഹായിച്ചും ഈശോ ജീവിച്ചതുപോലെ ഞാനും മാതാപിതാക്കളെ അനുസരിച്ച് ജീവിക്കും.

## പഠനസഹായികൾ

* തിരുകുടുംബത്തിന്റെ ചിത്രം
* വചനം - എഫേ. 6:1-3 (മക്കളും മാതാപിതാക്കന്മാരും)
* വിവാഹം എന്ന കൂദാശയുടെ വിവിധങ്ങളായ ഫോട്ടോകൾ അല്ലെങ്കിൽ വീഡിയോ
* YOUCAT - 416 (ക്രൈസ്തവ വിവാഹത്തിന്റെ സാരാംശപരമായ ഘടകങ്ങൾ)

  (വിവാഹം എന്ന കൂദാശയുടെ വീഡിയോ കാണിച്ചുകൊണ്ട് പാഠം ആരംഭിക്കുന്നു. സന്തോഷത്തിലും ദുഃഖത്തിലും ആരോഗ്യത്തിലും അനാരോഗ്യത്തിലും സമ്പത്തിലും ദാരിദ്ര്യത്തിലും അവർ ഒരുമിച്ച് നിൽക്കണം എന്നതും അവരുടെ പരസ്പര സ്നേഹത്തിലൂടെ അവർ ദൈവസ്നേഹത്തിൽ പങ്കുചേരുന്നു എന്നുള്ള ബോധ്യം കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുന്നു)

## പാഠത്തിന്റെ ഉള്ളടക്കം

* ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ബന്ധം
* ഭാര്യാഭർത്താക്കന്മാർ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കുകാരാകുന്നു.
* പരസ്പര ഐക്യവും അവിഭാജ്യതയും ആണ് വിവാഹജീവിതത്തിലെ അടിസ്ഥാന സ്വഭാവം.
* വിവാഹമെന്ന കൂദാശയുടെ പരികർമ്മം:- വിവാഹമെന്ന കൂദാശയ്ക്ക് നാല് ഭാഗങ്ങളുണ്ട് - പ്രാരംഭ കർമ്മം, ദൈവവചന പ്രഘോഷണ കർമ്മം, കൂദാശ കർമ്മം, സമാപനം
* വൈദികനാണ് വിവാഹം ആശീർവദിക്കുന്നത്.
* വിവാഹത്തിലെ ചടങ്ങുകളും കർമ്മങ്ങളും

* വിവാഹബന്ധം പരിശുദ്ധവും അതിശ്രേഷ്ഠവുമാണ്. ഈ ബന്ധം മരണംവരെ വേർപ്പെടുത്താൻ പാടുള്ളതല്ല.

## പ്രാർത്ഥന

വിവാഹമെന്ന കൂദാശയാൽ കുടുംബജീവിതത്തെ വിശുദ്ധീകരിച്ച യേശുവേ, ഞങ്ങളുടെ കുടുംബത്തെയും ദൈവസ്നേഹത്താൽ നിറയ്ക്കണമേ. മാതാപിതാക്കളെ അനുസരിച്ചും സഹായിച്ചും ബഹുമാനിച്ചും ജീവിക്കാനുള്ള കൃപ നൽകി ഞങ്ങളെ അനുഗ്രഹിക്കണമേ.

## ചോദ്യങ്ങൾ

1. മാതാപിതാക്കൾ എങ്ങനെ ജീവിക്കണം എന്നാണ് വിവാഹമെന്ന കൂദാശയിലൂടെ വാഗ്ദാനം ചെയ്തത്?
2. വിവാഹം എന്ന കൂദാശയുടെ ലക്ഷ്യങ്ങൾ ഏവ?
3. വിവാഹജീവിതം വേർപെടുത്താൻ പാടില്ല എന്ന് പറയുന്നത് എന്തുകൊണ്ട്?
4. ഉത്തമ മാതൃകാ കുടുംബം എന്താണ്?
5. വിവാഹത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകം ഏതാണ്?